## മരം മുറി സംബന്ധിച്ച അന്വേഷണ റിപ്പോർട്ട്

6 (*185) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) 24-10-2020-ന് റവന്യൂ വകുപ്പ് പുറത്തിറക്കിയ ഉത്തരവിനെത്തുടർന്ന് നടന്ന മരം മുറി സംബന്ധിച്ച് വനം വിജിലൻസ് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിരുന്നോ; വിശദാംശങ്ങൾ നൽകാമോ;

(ബി) മരംമുറിക്ക് കൂട്ടുനിന്നതായി പറയപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി വേണമെന്ന് റിപ്പോർട്ടിൽ ശിപാർശ ചെയ്യുന്നുണ്ടോ;

(സി) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത റിപ്പോർട്ടിൽ ഐ.എഫ്.എസ്. റാങ്കിലുള്ള ഉദ്യോഗസ്ഥർക്കെതിരെ നടപടി ശിപാർശ ചെയ്യുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

(എ-ഡി) സമർപ്പിച്ചിരുന്നു. ആഭ്യന്തര വകുപ്പിന്റെ 11-6-2021-ലെ ജി.ഒ.(ആർ.ടി) നമ്പർ 1634/2021/ആഭ്യന്തരം പ്രകാരം മരംമുറിയുമായി ബന്ധപ്പെട്ട അന്വേഷണം നടത്തുന്നതിനായി സർക്കാർ ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയോഗിച്ചിട്ടുണ്ട്. ആഭ്യന്തര വകുപ്പിന്റെ 1-7-2021-ലെ ജി.ഒ.(ആർ.ടി) നമ്പർ 1852/2021/ആഭ്യന്തരം പ്രകാരം മരം മുറിയുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ടുകളെല്ലാംതന്നെ സർക്കാർ ചുമതലപ്പെടുത്തിയ പ്രസ്തുത സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന് കൈമാറിയിട്ടുണ്ട്.

## പട്ടികജാതി വിഭാഗങ്ങൾക്കായുള്ള ഭവന നിർമ്മാണ പദ്ധതി

7 (*186) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗക്കാർക്കായുള്ള ഭവന നിർമ്മാണ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഭവന നിർമ്മാണ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നുണ്ട്. ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ലൈഫ് മിഷൻ മുഖേനയാണ് നിലവിൽ ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായി 39405 വീടുകൾ അനുവദിക്കുകയും അതിൽ 30069 വീടുകൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട് . വിശദാംശം അനുബന്ധം * (1) ആയി ചേർത്തിട്ടുണ്ട്.

(ബി) പട്ടികജാതി വിഭാഗങ്ങൾക്കായുള്ള ഭവന പുനരുദ്ധാരണം, പഠനമുറി എന്നീ പദ്ധതികളിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

വകുപ്പ് നിലവിൽ ഭവന പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്നില്ല. എന്നാൽ നിർമ്മാണം പൂർത്തീകരിക്കുവാൻ സാധിക്കാതിരുന്നവർക്ക് ഭവന പൂർത്തീകരണ പദ്ധതി പ്രകാരം 2020-21 വർഷം 10000 വീടുകളുടെ പൂർത്തീകരണത്തിന് ധനസഹായം അനുവദിച്ചതിൽ 9535 വീടുകളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചു. അതിൽ 1673 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പഠനമുറി പദ്ധതി പ്രകാരം 2017-18 മുതൽ നാളിതുവരെ 25096 പഠനമുറികൾ അനുവദിച്ചിട്ടുണ്ട്. അതിൽ 17643 പഠനമുറികളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. വിശദാംശം അനുബന്ധം (2) ആയി ചേർത്തിട്ടുണ്ട്. കൂടാതെ നടപ്പുവർഷം 5000 പുതിയ പഠനമുറികൾ നിർമ്മിക്കുന്നതിന് ജില്ലകൾക്ക് ഭൗതികലക്ഷ്യം നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

(സി) പട്ടികജാതി വിഭാഗങ്ങൾക്കായുള്ള ഭവന നിർമ്മാണ പദ്ധതി കാര്യക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് പരിഗണനയിലുള്ളത്; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ഭവനരഹിതരായ മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും വാസയോഗ്യമായ വീട് നിർമ്മിക്കുന്നതിന് ലൈഫ് മിഷൻ പദ്ധതിപ്രകാരം മുൻഗണനാ ക്രമത്തിൽ ഘട്ടംഘട്ടമായി ധനസഹായം അനുവദിക്കുന്നു. ലൈഫ് മിഷൻ തയ്യാറാക്കിയിട്ടുള്ള ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവർക്കാണ് ധനസഹായം അനുവദിക്കുന്നത്. പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതും എന്നാൽ വാസയോഗ്യമായ വീടില്ലാത്ത, ഭവനനിർമ്മാണ ധനസഹായത്തിന് അർഹരായവരെക്കൂടി പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം 21749 ഭൂരഹിത/ ഭവനരഹിത കുടുംബങ്ങളെയും 34970 ഭൂമിയുള്ള ഭവനരഹിത കുടുംബങ്ങളെയും ലൈഫ് മിഷൻ അഡീഷണൽ ലിസ്റ്റായി ഉൾപ്പെടുത്തിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പട്ടികജാതി വിഭാഗങ്ങൾക്കായുള്ള ഭവന നിർമ്മാണത്തിനായി കേന്ദ്ര സഹായം ലഭ്യമാക്കുന്നുണ്ടോ; വിശദമാക്കാമോ?

കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.എ.വൈ.യിൽ മാത്രമാണ് കേന്ദ്ര സഹായം ലഭ്യമാകുന്നത്.

**ഗുണമേന്മയുള്ള മത്സ്യത്തിന്റെ ലഭ്യത**

8 (*187) ഡോ. സുജിത് വിജയൻപിള്ള:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. വി. ജോയി:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യം ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ?

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് ന്യായവില ഉറപ്പാക്കുന്നതിനും ഗുണമേന്മയുള്ള മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ട് മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും മത്സ്യത്തിന്റെ ഗുണനിലവാരം പരിപാലിക്കുന്നതിനുമായി 2020-ൽ വിളംബരം ചെയ്ത മത്സ്യലേല വിപണന ഗുണനിലവാര പരിപാലന ഓർഡിനൻസ് 2021-ൽ പുനർവിളംബരം ചെയ്യുകയും ആയതിന്റെ കരട് ചട്ടങ്ങൾ രൂപീകരണ ഘട്ടത്തിലുമാണ്. കൂടാതെ സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യം ലഭ്യമാക്കുന്നതിന് മത്സ്യഫെഡ്, സാഫ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ എന്നീ ഏജൻസികൾ മുഖാന്തരം വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഗുണനിലവാരമുള്ള മത്സ്യം ശുചിത്വമായ സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് മത്സ്യഫെഡ് മുഖേന ആധുനീകരിച്ച എയർകണ്ടീഷൻ ചെയ്ത 47 ഫിഷ് മാർട്ടുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചുവരുന്നു. സർവ്വീസ് സഹകരണ ബാങ്ക്/സംഘവുമായി ചേർന്നുള്ള മത്സ്യവിപണന പദ്ധതിയിൽ കേരളത്തിലെ 140 നിയോജകമണ്ഡലത്തിലും ഫിഷ് മാർട്ട് ആരംഭിക്കുന്നതിന് തുടക്കമിട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ നിയോജകമണ്ഡലങ്ങളിലായി ആകെ 53 ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകൾ

LIBRARY ARCHIVES Kerala Legislative Assembly